**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1466** **07-10-2021 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് കോർപ്പറേഷൻ പരിധിയിലെ ഭൂമി തരം മാറ്റൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ | | Shri. K. Rajan<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ ഭൂമി തരം മാറ്റുന്നതിനുള്ള ധാരാളം അപേക്ഷകൾ തീർപ്പാകാതിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | കോഴിക്കോട് കോർപ്പറേഷൻ പരിധിയിലുള്ള വില്ലേജുകൾ ഉൾപ്പെടെ, കോഴിക്കോട്, താമരശ്ശേരി എന്നീ താലൂക്കുകളിലെ മുഴുവൻ വില്ലേജുകളിലേയും തരം മാറ്റവുമായി ബന്ധപ്പെട്ട്, വിവിധ ഘട്ടങ്ങളിലുള്ള, 5000-ത്തിൽ അധികം ഫയലുകൾ കോഴിക്കോട് റവന്യൂ ഡിവിഷൻ ഓഫീസിൽ നിലവിൽ ഉണ്ട്. കൂടാതെ മാസം തോറും 1000 മുതൽ 1200 വരെ പുതിയ തപാലുകളും ലഭിക്കുന്നുണ്ട്. ഇതിൽ 60%-വും പുതിയ അപേക്ഷകളായതിനാൽ, പ്രസ്തുത അപേക്ഷകൾ, സമയ ബന്ധിതമായി തീർപ്പാക്കുന്നതിന് സാധിക്കാതെ വരുന്ന അവസ്ഥ നിലവിലുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷകളിൽ കോഴിക്കോട് സബ്കളക്ടർ ഓഫീസിൽ ഇനിയും തീർപ്പാക്കാനുള്ള ഫയലുകളുടെ വിവരം ലഭ്യമാക്കുമോ; | (ബി) | കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ പ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം വരുത്തുന്നതിനായി ലഭിച്ച, ഫാറം നമ്പർ 6, ഫാറം നമ്പർ 7, ഫാറം നമ്പർ 9 എന്നിവയിലുള്ള, യഥാക്രമം, 3933 എണ്ണം, 32 എണ്ണം, 21 എണ്ണം അപേക്ഷകളും, ഡാറ്റാബാങ്കിലെ ഉള്ളടക്കങ്ങൾ തിരുത്തുന്നതിനായി ഫാറം നമ്പർ 5-ൽ ലഭിച്ച 2968 അപേക്ഷകളും, തീർപ്പാക്കാൻ അവശേഷിക്കുന്നുണ്ട്. |
| (സി) | അപേക്ഷകൾ കെട്ടികിടക്കുന്നതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | 25.02.2021-ലെ 1166/2021/റവ നമ്പർ ഉത്തരവ് നിലവിൽ വന്ന ശേഷം അപേക്ഷകളുടെ എണ്ണത്തിൽ വൻതോതിലുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. ആയതിനാൽ ജോലി ക്രമീകരണ വ്യവസ്ഥയിൽ കൂടുതൽ ജീവനക്കാരെ ലഭ്യമാക്കി, ടി അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കാനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

റവന്യൂ വകുപ്പ് - 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവും ചട്ടങ്ങളും - വകുപ്പ് 27 (എ) പ്രകാരം വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവവ്യതിയാനം വരുത്തുന്നതിനായുള്ള ഫീസ് നിരക്കിൽ മാറ്റം വരുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

**റവന്യൂ(പി) വകുപ്പ്**

**സ.ഉ.(സാധാ) നം.1166/2021/റവ.** തീയതി,തിരുവനന്തപുരം, 25/02/2021

പരാമർശം:- ബഹു.കേരള ഹൈക്കോടതിയിലെ WP(C)14312/2019 ഉൾപ്പെടെയുള്ള കേസുകളിൽ പുറപ്പെടുവിച്ച 08.01.2021-ലെ ഇടക്കാല ഉത്തരവ്.

**ഉത്തരവ്**

ബഹു.കേരള ഹൈക്കോടതിയുടെ പരാമർശ പ്രകാരമുള്ള നിരീക്ഷണങ്ങളുടെയും പൊതുജനങ്ങളുടെ ആവശ്യങ്ങളുടെയും അടിസ്ഥാനത്തിൽ, 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം വകുപ്പ് 27 (എ) പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി സ്വഭാവവ്യതിയാനം വരുത്തുന്നതിനായുള്ള ഫീസ് നിരക്കിൽ, താഴെപ്പറയുന്ന നിരക്ക് ഏർപ്പെടുത്തിയും, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവടങ്ങളിൽ തരംമാറ്റുന്നതിനുള്ള ഫീസ് ഏകീകരിച്ചുകൊണ്ടും, നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1) 25 സെന്റ് വരെയുള്ള ഭൂമിക്ക് തരംമാറ്റം സൗജന്യമായി അനുവദിക്കാം. 2017 ഡിസംബർ 30-ാം തീയതി പ്രാബല്യത്തിൽ 25 സെൻറിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം.

2) 30.12.2017 വരെ ഒന്നായിക്കിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിനു താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

3) 25 സെന്റിന് മുകളിൽ ഒരേക്കർ വരെയുള്ള ഭൂമിക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ, ഫെയർവാല്യുവിന്റെ 10% ഫീസ് നിരക്ക് ഈടാക്കേണ്ടതാണ്.

4) ഒരേക്കറിന് മുകളിലുള്ള ഭൂമിക്ക്, പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ, ഫെയർവാല്യുവിന്റെ 20% ആയിരിക്കും ഫീസ് നിരക്ക്.

5) തരംമാറ്റിയ ഭൂമിയിലുള്ള കെട്ടിടനിർമ്മാണത്തിന് നിലവിലുള്ള നിരക്ക് തുടരും.

മേൽ പ്രകാരമുള്ള ഭേദഗതികൾക്ക് ഇന്നേ ദിവസം മുതൽ മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**ഡോ .എ .ജയതിലക് ഐ.എ.എസ്**
**പ്രിൻസിപ്പൽ സെക്രട്ടറി**

ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം

എല്ലാ ജില്ലാ കളക്ടർമാർക്കും

എല്ലാ റവന്യൂ ഡിവിഷണൽ ഓഫീസർമാർക്കും

തദ്ദേശസ്വയംഭരണ വകുപ്പ്

കൃഷി (എൻ.സി.എ) വകുപ്പ്

ധനകാര്യ വകുപ്പ്

നിയമ വകുപ്പ്(30.01.2021 ലെ 2634/Suit I(1)/21/Law കുറിപ്പ് പ്രകാരം)

പൊതുഭരണ(എസ്.സി) വകുപ്പ്

അഡ്വക്കേറ്റ് ജനറൽ, കേരളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള , തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (A & E), കേരള, തിരുവനന്തപുരം.

ഐ & പി. ആർ. ഡി വകുപ്പ് - (വിപുലമായ പ്രചാരണത്തിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by Kadeeja A A
Date: 2021.02.26 10:04:38 IST
Reason: Approved
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.ധനകാര്യ വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്-ന്

ബഹു.റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ യ്ക്ക്